വാക്കി; മൂപ്പതിനായിരം രൂപ ഒരു തൊഴിലാളിക്ക് കൊടുക്കാൻ. രണ്ടായിരം രൂപ വേറെയുംവച്ചു. അങ്ങനെ 32,000 രൂപ ഒരു തൊഴിലാളിക്ക് കൊടുത്തു. പിന്നെയാണ് ബഹുമാനപ്പെട്ട ഗൗരിയമ്മ പറഞ്ഞ അവരുടെ ക്ഷേമനിധി ഫണ്ടിൽനിന്ന് കൊടുത്തത്. ഇതിനുപുറമേ പി.എഫ്., ഗ്രാറ്റുവിറ്റി- അത് അവരുടെ അവകാശമാണ്. 61,54,07,261 രൂപ ആ വഴിക്കാണ് കൊടുത്തത്. അത് അവരുടെ അവകാശമാണ്. അവരുടെ ക്ഷേമനിധിയിൽ നിന്ന് കിട്ടേണ്ടതാണ്. അത് ഞാൻ ഗവൺമെന്റിന്റെ ക്രെഡിറ്റായിട്ടൊന്നും പറയുന്നില്ല. അത് ഇതിനു പുറമേ കൊടുത്തതാണ്. അപ്പോൾ ഈ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ മൂപ്പതിനായിരം രൂപയും രണ്ടായിരം രൂപയും തൊഴിലാളികൾ കൺസീലിയേഷനിൽ ഒപ്പിട്ടതാണ്. അങ്ങനെ അത് തീർന്ന പ്രശ്നമാണ്.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

It is a closed chapter. ഇപ്പോൾ ബഹുമാനപ്പെട്ട മെമ്പർ ആവശ്യപ്പെടുന്നത് ഇപ്പോൾ തുടങ്ങുന്ന കള്ളുഷാപ്പ് ലേലത്തിൽ ഈ തൊഴിലാളികൾക്ക് രണ്ടാമതും ജോലി കൊടുക്കാൻ ഒരു ഷാപ്പിൽ ഒരാളെ എടുക്കാൻ ഞാൻ നിർദ്ദേശിക്കണമെന്നാണ്. അത് നിർദ്ദേശിക്കുകയാണെങ്കിൽ ആരാണ് ഷാപ്പ് എടുക്കാൻ പോകുന്നത്? ഇപ്പോൾത്തന്നെ ഷാപ്പിൽ ഓവറായിട്ടുള്ള തൊഴിലാളികളാണ്. ഇനി ഓരോരുത്തരെയും കൂടി എടുക്കണമെന്നുപറഞ്ഞാൽ ഷാപ്പ് അവിടെ കിടക്കും. As far as the Kerala Government is concerned it is a closed Chapter. കാരണം കൺസീലിയേഷനിൽ വളരെ നേരത്തെ ചർച്ച- അന്ന് ബഹുമാനപ്പെട്ട ബേബിജോണായിരുന്നു ലേബർ മിനിസ്റ്റർ. കാലത്ത് മുതൽ വൈകുന്നേരം വരെ ഡിസ്ക്കസ് ചെയ്തിട്ട് അവരെല്ലാവരും സമ്മതിച്ച് ഒപ്പിട്ടുപോയ കേസ്സാണ്. ഇതു പിന്നെയും പിന്നെയും ഉയിർത്തെഴുന്നേൽക്കുന്നത് എനിക്ക് മനസ്സിലാകുന്നില്ല. അതുകൊണ്ട് ഞാൻ പറയുന്നത്, as far as the Kerala Government is concerned it is a closed chapter.

(6) കാസർഗോഡ് നഗരസഭാപ്രദേശത്ത് ഭൂമി പതിച്ചുനൽകുന്നതിനുള്ള കാലതാമസം

<u>ശ്രീ. സി.ടി. അഹമ്മദ് അലി</u> : സർ, സംസ്ഥനത്തിലെ കൈവശഭൂമിക്കാർക്ക് ഭൂമി പതിച്ച് പട്ടയം ലഭിക്കുന്നതിനുള്ള ഏറ്റവും അധികം അപേക്ഷകരുള്ള ഒരു ജില്ലയാണ് കാസർഗോഡ് ജില്ല. റവന്യൂ വകുപ്പുമന്ത്രി ഈ വകുപ്പിന്റെ ചുമതല ഏറ്റെടുത്തതിനുശേഷം വളരെ ആത്മാർത്ഥമായി അവിടെ വരികയും പട്ടയ വിതരണത്തിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാർക്കാവശ്യമുള്ള നിർദ്ദേശങ്ങൾ നൽകുകയും പട്ടയം കുറെ ആളുകൾക്ക് നൽകപ്പെടുകയും ചെയ്തുവെങ്കിലും, ലാന്റ് അസൈൻമെന്റ് കമ്മിറ്റി അതിന്റെ നടപടിക്രമം പൂർത്തീകരിച്ച് തീരുമാനമെടുത്തുവെങ്കിലും, പ്രത്യേകിച്ച് നഗരസഭകളിൽ, പട്ടയം ലഭിക്കാതെ വളരെയേറെ കഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്. ഞാൻ ബഹു. റവന്യൂ വകുപ്പുമന്ത്രിയുടെ ആത്മാർത്ഥതയെ ഈ സന്ദർഭത്തിൽ അഭിനന്ദിക്കുന്നു. അതേയവസരത്തിൽ താഴേക്കിടയിൽ വിചാരിച്ച രീതിയിൽ പ്രർത്തനം നടക്കുന്നില്ലെന്നുള്ളത് ഒരു യാഥാർത്ഥ്യമാണ്. ആവശ്യമായ നിയമത്തിലും ചട്ടങ്ങളിലും ഈ കാര്യത്തിൽ എന്തെങ്കിലും മാറ്റങ്ങൾ വരുത്തേണ്ടതുണ്ടെങ്കിൽ അതുംകൂടി പരിശോധിച്ച് ആവശ്യമായ മാറ്റങ്ങൾ വരുത്തി, നാല്പതും അൻപതും വർഷം ഭൂമി കൈവശം കിടന്നിരുന്ന നഗരസഭയ്ക്കകത്ത് പട്ടയം നൽകുന്നതിനുള്ള തടസ്സം അടുത്തകാലത്താണ് നീക്കിയ 1163/2010.

LIBRARY ARCHIVES Kerala Legislative Assembly

തെങ്കിലും ലാന്റ് അസൈൻമെന്റ് കമ്മിറ്റി എടുത്ത ധാരാളം ആളുകൾക്ക് പട്ടയം ഇതുവരെ ലഭിച്ചിട്ടില്ല. റവന്യൂ വകുപ്പുദ്യോഗസ്ഥന്മാർ അപേക്ഷകൾ പരിശോധിച്ച് ജനപ്രതിനിധികളും റവന്യൂ വകുപ്പുദ്യോഗസ്ഥന്മാരുമടക്കമുള്ള ലാന്റ് അസൈൻമെന്റ് കമ്മിറ്റി പട്ടയം നൽകുന്നതിനുള്ള തീരുമാനമെടുത്തിട്ട് വർഷങ്ങളോളമായെങ്കിലും അവയെല്ലാം ഇപ്പോഴും പരിശോധനയിലും മാർക്കറ്റ് വാല്യൂ നിശ്ചയിക്കുന്നതിലുമെല്ലാം പേരുപറഞ്ഞ് വളരെ തടസ്സങ്ങളിൽ കിടക്കുകയാണ്. അടിയന്തിരമായി ഈ കാര്യത്തിൽ ആവശ്യമായ നടപടി സ്വീകരിക്കണം. ഞാൻ ഒന്നുരണ്ട് നിർദ്ദേശം കൂടിവയ്ക്കുകയാണ്. അസൈൻമെന്റ് കമ്മിറ്റി തീരുമാനമെടുത്ത എല്ലാ അപേക്ഷകളിലും എത്രയും വേഗം പട്ടയം നൽകാൻ ആവശ്യമായ നടപടിയുണ്ടാകണം. കടൽക്ഷോഭം മൂലം വീട് നഷ്ടപ്പെട്ടവർക്ക് ഭൂമി കൊടുക്കാൻ തീരുമാനിച്ചിട്ട് മൂന്നുവർഷമായി ഇതുവരെ കൊടുത്തിട്ടില്ല. മലയോര പാത ഇരട്ടിപ്പിക്കുന്നതിന്റെ ഫലായി സ്ഥലം നഷ്ടപ്പെട്ടവർക്ക് സ്ഥലം നൽകാൻ ഇതുവരെ നിർദ്ദേശിച്ചിട്ടില്ല. അതുപോലെ എത്രയോ വർഷങ്ങളായി ചെങ്ങള-ആലമ്പാടി, റഹ്മാനിയ നഗരത്തിൽ മിച്ചഭൂമിയിൽ വർഷങ്ങളായി പാവപ്പെട്ട തൊഴിലാളികൾ താമസിച്ചു വരുന്നു; അവർക്ക് അടിയന്തിരമായി പട്ടയം നൽകാൻ ആവശ്യമായ നടപടി സ്വീകരിക്കണം. അതുപോലെ ആരാധനാലയങ്ങൾക്കും സ്കൂളുകൾക്കും പട്ടയം നൽകാൻ എത്രയോ അപേക്ഷകൾ കെട്ടിക്കിടക്കുന്നുണ്ട്; അത് നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം. മാർക്കറ്റ് വാല്യൂ നിശ്ചയിക്കുന്നതിന്റെ പേരിൽ കാലതാമസമുണ്ടാക്കുന്നതിന് യാതൊരു നീതീകരണവുമില്ല. അതുകൊണ്ട് എത്രയും വേഗത്തിൽ മാർക്കറ്റ് വാല്യൂ നിശ്ചയിച്ച് മുഴുവൻ അപേക്ഷകർക്കും മൂന്നു മാസത്തിനുള്ളിൽ പട്ടയം നൽകാനുള്ള നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.ഇ. ഇസ്മയിൽ) : സർ, ഞാൻ നേരത്തെ ചോദ്യോത്തരസമയത്തു പറഞ്ഞതാണ്. ഏറ്റവും കൂടുതൽ പട്ടയം കൊടുത്തിട്ടുള്ളത് കാസർഗോഡ് ജില്ലയിലാണ്. ഞാൻ അവിടെ പോകുമ്പോൾ ശ്രീ. ചെർക്കളം അബ്ദുള്ളയും ശ്രീ. സി. ടി അഹമ്മദ് അലിയും നൂറുകണക്കിന് മുട്ടാക്കിട്ട മുസ്ലീം സ്ത്രീകളെ ഒരുമിച്ചു കൊണ്ടുവന്നിട്ട് അവർ പറയുകയാണ് മുപ്പത് നാൽപ്പത് കൊല്ലമായിട്ട് ഇതുവരെ പട്ടയം കിട്ടിയിട്ടില്ലെന്ന് ഞാൻ ശ്രീ. സി.ടി അഹമ്മദ് അലിയോടു തന്നെ പറഞ്ഞു, നിങ്ങൾ 5 വർഷം മന്ത്രിയായിരുന്നപ്പോൾ മുൻകൈ എടുക്കാമായിരുന്നല്ലോ. ഞാൻ അത് മുഴുവൻ പരിഹരിച്ചു. ഒരു മാസം മുമ്പാണ് 8000 പേർക്ക് അവിടെ പട്ടയം കൊടുത്തത്. ശ്രീ. സി.ടി അഹമ്മദ് അലി ഉണ്ടായിരുന്നല്ലോ. അവിടെ റിവ്യൂ മീറ്റിംഗ് നടത്തി 10,000 അപേക്ഷകൾ ഉണ്ടെന്ന് ബോദ്ധ്യപ്പെട്ടു. ഒരു മാസം കൊണ്ട് തീർക്കണമെന്നു തീരുമാനിച്ചു. അങ്ങനെ 8000 പേർക്ക് കൊടുത്തു. ഇനി അവിടെ 2000 പരാതികൾ അവശേഷിക്കുന്നു. ഈ 2000 പരാതികളിൽ ഒറ്റ ദിവസം കൊണ്ട് തീരുമാനമുണ്ടാക്കാൻ ശ്രമിച്ചപ്പോൾ ഞാൻ തന്നെ പറഞ്ഞു, പറ്റില്ല. ഒരുപാട് ക്രമക്കേടുകൾ ഉദ്യോഗസ്ഥൻമാരും തൽപ്പര കക്ഷികളുമായിട്ട് നടത്തിയിട്ടുള്ള ഒരു ജില്ലയാണ് കാസർഗോഡ് ജില്ല. അതുകൊണ്ട് പൊളിറ്റിക്കൽ പാർട്ടികളുടെ പ്രതിനിധികൾക്ക് മുൻകൂട്ടി ലിസ്റ്റ് കൊടുത്തിട്ട് അത് പരിശോധിച്ച് അൻപതും നൂറും വച്ച് നാലഞ്ചു കമ്മിറ്റികളിൽ വച്ചേ തീരുമാനമെടുക്കാൻ പറ്റുകയുള്ളൂ. മന്ത്രിസഭയുടെ 4-ാം വാർഷികം പ്രമാണിച്ച് ഈ മുഴുവൻ ആളുകൾക്കും ഈ മേയ് മാസത്തിൽ പട്ടയം കൊടുത്തു തീർക്കും. ഞാൻ ഉറപ്പ് പറയുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly